(ഡി) കരൾ ദാതാക്കൾക്ക് എല്ലാ മാസവും ധനസഹായം വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും പരമാവധി 2 ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം നൽകിവരുന്നു.

(സി)കരൾ മാറ്റിവയ്ക്കുന്നവർക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി)കരൾ ദാതാക്കൾക്ക് ഒരു ലക്ഷം രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ചികിത്സാ ധനസഹായം നൽകാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.

കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളിൽനിന്നുള്ള ലാഭം ഉപയോഗിച്ചാണ് ചികിത്സാ ധനസഹായം നൽകുന്നത്. പ്രസ്തുത വരുമാനത്തേക്കാൾ ആവശ്യം അധികരിച്ചിരിക്കുന്നതിനാൽ കരൾ ദാതാക്കൾക്ക് എല്ലാ മാസവും ധനസഹായം വിതരണം ചെയ്യുന്നതിന് നിർവ്വാഹമില്ല.

കാരുണ്യ ചികിത്സാ ധനസഹായം

132(2121) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 2015 ഏപ്രിൽ 30 വരെ ഓരോ ജില്ലയ്ക്കും അനുവദിച്ച ചികിത്സാ ധനസഹായം എത്ര തുകയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ ജില്ലയിലും ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ ഇനിയും തുക അനുവദിക്കാത്തവ എത്രയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 2015 ഏപ്രിൽ 30 വരെ ഓരോ ജില്ലയ്ക്കും അനുവദിച്ച ചികിത്സാ ധനസഹായ തുക സംബന്ധിച്ച പട്ടിക അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.*

(ബി) ഓരോ ജില്ലയിലും ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ ഇനിയും തുക അനുവദിക്കാത്തവ സംബന്ധിച്ച പട്ടിക അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly